**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ - സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2012 ജൂലൈ 16, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തര പ്രമേയം**

**ആദിവാസി സ്ത്രീയുടെ മരണം**

മി. സ്പീക്കർ: അട്ടപ്പാടി ഉമ്മത്താൻപടി ഊരിലെ രങ്കിയെന്ന ആദിവാസി സ്ത്രീ നെഞ്ചുവേദനയെത്തുടർന്ന് പുതൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിലും തുടർന്ന് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി യിലും എത്തിയെങ്കിലും അവിടെ ഡോക്ടർമാർ ഇല്ലാത്തതിനാൽ സ്വകാര്യ ആശുപത്രിയിലേക്കുള്ള വഴിമദ്ധ്യേ മരണപ്പെട്ടതിൽ ഊരുകളിലെ ആദിവാസി സ്ത്രീകളാകെ ആശങ്കയിലായിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവ ശ്യപ്പെട്ട് സർവ്വശ്രീ കെ. വി. വിജയദാസ്, വി. എസ്. സുനിൽ കുമാർ, ജോസ്

തെറ്റയിൽ, കോവൂർ കുഞ്ഞുമോൻ, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): അട്ടപ്പാടി ഉമ്മത്താൻപടി ഊരിലെ അമ്പത് വയസ്സുള്ള രങ്കി എന്ന ആദിവാസി സ്ത്രീയെ നെഞ്ചുവേദനയെത്തുടർന്ന് പുതൂർ പ്രാഥമി കാരോഗ്യ കേന്ദ്രത്തിൽ എത്തിച്ചുവെങ്കിലും അവിടെ ഡോക്ടർ വീക്കിലി ഓഫ് എടുത്തിരുന്നതിനാൽ ചികിത്സ ലഭ്യമായില്ല. പ്രവൃത്തി ദിവസങ്ങളിൽ ഓഫെടുക്കരുതെന്ന നിർദ്ദേശമുള്ളതുകൊണ്ടാണ് ഡോക്ടർ ഞായറാഴ്ച ഓഫെടുത്തിരുന്നതെന്നാണ് വിശദീകരണം നൽകിയിരിക്കുന്നത്. തുടർന്ന് ആ സ്ത്രീയെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ കൊണ്ടുപോയെങ്കിലും നാല് ഡോക്ടർമാരിൽ ഒരാൾ ട്രെയിനിംഗിലും മൂന്നു പേർ ആബ്സെന്റുമായിരുന്നതിനാൽ അവിടെയും ചികിത്സ ലഭ്യമാക്കാൻ കഴിഞ്ഞില്ല. അവിടെനിന്ന് സ്വകാര്യ ആശുപത്രിയിലേയ്ക്കുള്ള വഴിമദ്ധ്യേ രോഗി മരണപ്പെട്ടു. കോട്ടത്തറ ആശുത്രിയിൽ ഡോക്ടർമാർ ഒരേസമയം ആബ്സെന്റായത് ഗുരുതരമായ കൃത്യവിലോപമായിട്ടാണ് സർക്കാർ കാണുന്നത്. ആരോഗ്യ വകുപ്പ് ഡയറക്ടറോട് ഇക്കാര്യത്തിൽ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഉത്തരവാദപ്പെട്ടവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. വി. വിജയദാസ്: നെഞ്ചുവേദനയെത്തുടർന്ന് രങ്കിയെന്ന ആദിവാസി സ്ത്രീയെ പുതൂർ ആശുപത്രിയിലും തുടർന്ന് കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിലും കൊണ്ടുപോയെങ്കിലും ഡോക്ടർമാർ ഇല്ലാതിരുന്നതിനാൽ ചികിത്സ ലഭ്യമാക്കാൻ കഴിഞ്ഞില്ല. തുടർന്ന് സ്വകാര്യ

ആശുപത്രിയിലേക്കുള്ള വഴിമദ്ധ്യേ രോഗി മരണപ്പെട്ടു. ആദിവാസി മേഖലയെ ഈ സർക്കാർ അവഗണിക്കുകയാണ്. ആരോഗ്യ മേഖലയിലെ ബുദ്ധിമുട്ടുകൾ സംബന്ധിച്ച് നടന്ന അവലോകന യോഗത്തിന്റെ അടിസ്ഥാന ത്തിൽ സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പകർച്ചപ്പനി പടർന്നു പിടിച്ചുകൊണ്ടിരിക്കുന്ന സഹാചര്യത്തിൽ വയനാട് അട്ടപ്പാടി മേഖലയിലെ ആശുപത്രികളിൽ ആവശ്യമായ ഡോക്ടർമാരേയും ചികിത്സാ സൗകര്യ ങ്ങളും ലഭ്യമാക്കിയിട്ടില്ല. 2012 ജനുവരി മുതൽ ഇതുവരെ ആദിവാസി മേഖലയിൽ 53 പേർ മരണപ്പെടുകയും നൂറുകണക്കിന് കുട്ടികൾക്ക് അനീമിയ ബാധിച്ചിരിക്കുകയുമാണ്. പാവപ്പെട്ട ആദിവാസികളെ രക്ഷിക്കാനും ചികിത്സാ സൗകര്യം ലഭ്യമാക്കാനും നടപടിയുണ്ടാകണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീ. വി. എസ്. ശിവകുമാർ: ഇക്കാര്യത്തിൽ ഗവണ്മെന്റിന് ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ചെയ്യുന്നതാണെന്ന് ഉറപ്പുനൽകുന്നു. പുതൂർ പ്രൈമറി ഹെൽത്ത് സെന്ററിലെ ഡോക്ടർ വീക്കിലി ഓഫ് എടുത്തിരുന്നു. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലെ നാല് ഡോക്ടർമാരിൽ മൂന്നുപേർ ഗുരുതരമായ കൃത്യവിലോപം കാണിച്ചിട്ടുള്ളതിനാൽ ഇവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. ഡോക്ടർമാരുടെ ക്വാർട്ടേഴ്സിന്റെ പണി ഏത്രയുംവേഗം പൂർത്തിയാക്കാനാ വശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പകർച്ചപ്പനി സംബന്ധിച്ച് 95 നിയോജകമണ്ഡലങ്ങളിലെ ബന്ധപ്പെട്ട ജനപ്രതിനിധികൾ വിളിച്ചുചേർത്ത അലോകന യോഗങ്ങളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് ആവശ്യമായ നടപടി

സ്വീകരിക്കാൻ ഡി.എച്ച്എസ്-നും ഡി.എം.ഒ.-ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പാലക്കാട്, ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് 20,000/- രൂപ അധികമായി നൽകാനും ആദിവാസി/തീരദേശ മേഖലകളിലെ ആശുപത്രികളിൽ 1902 ജീവനക്കാരെ നിയമിക്കാനും ക്യാബിനറ്റ് തീരുമാനിച്ചിട്ടുണ്ട്. 1400-ഓളം ജീവനക്കാരെ ഇതിനകം നിയമിച്ചുകഴിഞ്ഞു. ഇതുസംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായാലുടൻതന്നെ നടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നുറുത്തിവച്ച് ചർച്ച ചെയ്യേ ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, ഇ. ചന്ദ്രശേഖരൻ, മാത്യു ടി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) മതംമാറ്റംമൂലമുണ്ടാകുന്ന സാമൂഹ്യപ്രശ്നങ്ങൾ

ശ്രീമതി കെ. കെ. ലതിക: സംസ്ഥാനത്ത് മതംമാറ്റം ഒരു സാമൂഹ്യപ്രശ്നമായി മാറാതിരിക്കാൻ മുൻകരുതലുകൾ സ്വീകരിക്കേണ്ടതുണ്ട്. 2006-നുശേഷം 10,051 മതംമാറ്റം നടന്നിട്ടുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. അനാവശ്യമായ വിവാദങ്ങളും സാമുദായിക

സംഘർഷങ്ങളും ഉടലെടുക്കുന്ന രൂപത്തിലുള്ള സംഭവങ്ങളെ പ്രോത്സാഹിപ്പിക്കാൻ അനുവദിക്കരുത്. മതംമാറ്റത്തിന് കൂടുതലായും ഇരകളാകുന്നത് യുവതികളാണ്. മതതീവ്രവാദ സംഘടനകളുടെ ഇത്തരം ഇടപെടലുകൾ ഗൗരവമായി കാണണം. ഈ വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്തി സത്യാവസ്ഥ പുറത്തുക്കൊണ്ടുവരാനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാനും തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സംസ്ഥാനത്ത് മതപരിവർത്തനം ആശങ്കാജനകമായിട്ടില്ലെന്നുമാത്രമല്ല നിർബന്ധിത മതംമാറ്റം നടത്തിയതായ പരാതികൾ ലഭിച്ചിട്ടുമില്ല. മിശ്രവിവാഹവുമായി ബന്ധപ്പെട്ട് മതംമാറ്റം നടക്കുന്നുണ്ട്. സാമൂഹ്യപരമായ ആശങ്കയോ ബാഹ്യശക്തികളുടെ ഇടപെടലുകളോ ഇതുമായി ബന്ധപ്പെട്ടില്ല. പരാതി ലഭിച്ചാൽ അന്വേഷിച്ച് അതിന്മേൽ കർശന നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് നിലനിൽക്കുന്ന സാമുദായിക സൗഹാർദ്ദവും പരസ്പരധാരണയും വിശ്വാസവും നിലനിർത്തുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തുന്നതാണ്. മതതീവ്രവാദികളുടെ ഇടപെടലുകൾ കർശനമായി നേരിടുന്നതാണ്.

## (2) ഇലക്ട്രോണിക് മാലിന്യങ്ങൾ

ശ്രീ. എം. പി. വിൻസെന്റ് :സംസ്ഥാനത്ത് ഇലക്ട്രോണിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഫലപ്രദമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. പ്രവർത്തനരഹിതമായ വൈദ്യുത ഉപകരണങ്ങളുടേയും ഇലക്ട്രോണിക്സ് ഉപകരണങ്ങളുടേയും പുനരുപയോഗം, പുനർവിൽപ്പന, സംസ്കരണം എന്നിവ സാധ്യമാക്കണം. ഇലക്ട്രോണിക് മാലിന്യങ്ങൾ ജലാശയങ്ങളിലും പൊതുനിരത്തിലും ഉപേക്ഷിക്കുന്നത് നിരോധിക്കണം. കേടായ ഉപകരണങ്ങൾ അലക്ഷ്യമായി ഉപേക്ഷിക്കുന്നതുമൂലം മെർക്കുറി,

കാഡ്മിയം, ലെഡ് തുടങ്ങിയവ മണ്ണിൽ കലരാൻ ഇടവരുന്നത് നിയന്ത്രിക്കണം. ലാന്റ് ഫില്ലിംഗും റീസൈക്ലിംഗും ഇൻസിനറേഷൻ രീതികളും പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം. എല്ലാ ജില്ലകളിലും ഇ-മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കണം. ഇലക്ട്രോണിക് മാലിന്യ പ്രശ്നം പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കണം.

സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): ഇലക്ട്രോണിക്-ഇലക്ട്രിക്കൽ ഉപകരണങ്ങളുടേയും അനുബന്ധ സാമഗ്രികളുടേയും ഉത്പാദക-വിപണന രംഗത്ത് ഏർപ്പെട്ടിരിക്കുന്നവർ ഉൾപ്പെടെ ഇ-വേസ്റ്റ് മാനേജ്മെന്റ് നിയമത്തിന്റെ പരിധിയിൽ വരും. ഉത്പന്നങ്ങൾ ഉപയോഗശേഷം തിരിച്ചെടുക്കുന്നതിന് നിയമം അനുശാസിക്കുന്നുണ്ട്. ഇ-വേസ്റ്റ് പൊളിച്ചുമാറ്റുകയോ റീസൈക്കിൾ ചെയ്യുകയോ ചെയ്യുന്ന സ്ഥാപനങ്ങളെക്കൊണ്ട് നിർമ്മാർജ്ജന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. ഇ-വേസ്റ്റ് ശേഖരിക്കുന്നതിന് ജില്ലകളിൽ കളക്ഷൻ സെന്ററുകൾ സജ്ജീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. സ്ഥലം നിശ്ചയിക്കുന്ന മുറയ്ക്ക് മേൽനടപടികൾ സ്വീകരിക്കുന്നതാണ്. ഇ-വേസ്റ്റ് ചട്ടങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാൻ മലിനീകരണ നിയന്ത്രണ ബോർഡ് ആസൂത്രണം ചെയ്തിട്ടുണ്ട്.

## സബ്മിഷൻ

### (1) വൈക്കം സബ് സ്റ്റേഷൻ

ശ്രീ. കെ. അജിത്: വൈക്കം ഉദയനാപുരത്ത് ഒരു സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനും കല്ലറയിൽ അനുവദിക്കപ്പെട്ട സബ്സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): തൈക്കാട്ടുശ്ശേരിയിൽ നിന്നും വൈക്കത്തേയ്ക്കുള്ള 66 കെ.വി. സബ്സ്റ്റേഷൻ 110 ആക്കുന്നത് സംബന്ധിച്ച് ഫീസിബിലിറ്റി സ്റ്റഡി നടത്തി ക്കൊണ്ടിരിക്കുന്നു. ഉദയനാപുരത്തിനടുത്ത് നേരേക്കടവ് ഭാഗത്ത് 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക പഠനം നടത്തി വരികയാണ്. കല്ലറയിൽ 33 കെ.വി. സബ്സ്റ്റേഷനുള്ള ഭൂമി ഏറ്റെടുക്കുന്ന നടപടി പൂർത്തീകരിച്ചാലുടനെ നിർമ്മാണ പ്രവർത്തനം തുടങ്ങുന്നതാണ്.

### (2) ഇൻഫോ പാർക്ക് ക്യാമ്പസിൽ പരസ്യ ചിത്രീകരണം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇൻഫോ പാർക്കിൽ പാക്കിസ്ഥാൻ പൗരൻ വന്ന് പരസ്യ ചിത്രീകരണം നടത്തി തിരിച്ചുപോയതിനെക്കുറിച്ചും ഇവരെ സഹായിച്ചവരെ സംബന്ധിച്ചും വ്യക്തമാക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഒരു പാക്കിസ്ഥാൻ പൗരൻ കൊച്ചി ഇൻഫോ പാർക്കി ലെത്തി പരസ്യ ചിത്രത്തിൽ അഭിനയിച്ച് തിരിച്ചുപോയ സംഭവത്തെ ഗൗരവമായി കാണുന്നു. ടൂറിസ്റ്റ് വിസയിൽ ഇൻഡ്യയിൽ എത്തുകയും വിസാ ചട്ടങ്ങൾ ലംഘിച്ച് മറ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തതിന് പാക്കിസ്ഥാൻ പൗരനേയും ഇൻഡ്യൻ സ്പോൺസറേയും

ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇൻഡ്യൻ സ്പോൺസർക്കും പരസ്യ ചിത്രീകരണം നടത്തിയ കമ്പനിയുടെ കോ-ഓർഡിനേറ്റർക്കും എതിരെ തൃക്കാക്കര പോലീസ് കേസ്സെടുത്ത് അന്വേഷണം നടത്തി വരികയാണ്.

**(3) <u>പുനരധിവാസ കോളനി സ്ഥാപിക്കൽ</u>**

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u> പൊന്നാനി നിയോജകമണ്ഡലത്തിൽ കടൽക്ഷോഭംമൂലം വീടും സ്ഥലവും പൂർണ്ണമായി നഷ്ടപ്പെട്ട തീരദേശവാസികൾക്കായി ഒരു പുനരധിവാസ പാക്കേജും കോളനിയും പ്രഖ്യാപിക്കാനും ഇത്തരം പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കാൻ തീരപ്രദേശങ്ങളെയാകെ ബന്ധപ്പെടുത്തിക്കൊണ്ട് ഭൂ-ബാങ്ക് സ്ഥാപിക്കാനും നടപടി സ്വീകരിക്കണം

റവന്യൂവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. അടൂർ പ്രകാശ്)</u>: കടൽക്ഷോഭംമൂലം മരണമടയുന്നവരുടെ ആശ്രിതർക്കും പരിക്കുപറ്റി അംഗവൈകല്യം സംഭവിക്കുന്നവർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായധനത്തിന് അർഹതയുണ്ട്. കടൽക്ഷോഭംമൂലം വീടുകൾക്ക് കേടുപാടുകൾ സംഭവിക്കുന്നവർക്ക് വിവിധ നിരക്കുകളിൽ ധനസഹായം നൽകുന്നുണ്ട്. ജീവിതമാർഗ്ഗത്തിന് വിഘാതം സൃഷ്ടിക്കുമെന്നുള്ളതിനാൽ ഇവരെ പുനരധിവസിപ്പിക്കുന്നത് പ്രായോഗികമല്ല. ഭൂദൗർലഭ്യം കണക്കിലെടുക്കുമ്പോൾ പ്രത്യേക ഭൂ-ബാങ്ക് എന്ന ആശയത്തിന് സാധ്യത കാണുന്നില്ല.

**(4) വിശ്വകർമ്മജർ**

ശ്രീ. മോൻസ് ജോസഫ്: പരമ്പരാഗത തൊഴിൽ സമുദായമായി അംഗീകരിച്ച വിശ്വകർമ്മജർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ): വിശ്വകർമ്മജരെ പരമ്പരാഗത തൊഴിൽ സമുദായമായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റു പിന്നോക്ക സമുദായങ്ങൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ ഈ സമുദായ ത്തിലെ അർഹരായവർക്കും ലഭ്യമാക്കുന്നുണ്ട്. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേനയുള്ള വിവിധ വായപാ പദ്ധതികൾ ഇവർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. പിന്നോക്ക സമുദായത്തിലെ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികളുടെ പ്രയോജനവും ഈ വിഭാഗത്തിന് ലഭ്യമാകുന്നുണ്ട്. കേരള കൈത്തൊഴിലാളി-വിദഗ്ദ്ധതൊഴിലാളി ക്ഷേമ പദ്ധതിയിൽ 10 വർഷത്തെ അംഗത്വം പൂർത്തിയാക്കി റിട്ടയർമെന്റ് ആനുകൂല്യം കൈപ്പറ്റിയവർക്ക് അംസംഘടിത വിഭാഗം തൊഴിലാളി ക്ഷേമ പെൻഷൻ നൽകിവരുന്നുണ്ട്. കൂടാതെ മറ്റാനുകൂല്യങ്ങൾ നൽകാൻ കഴിയുമോയെന്നത് പരിശോധിക്കുന്നതാണ്.

**(5) മത്സ്യഗ്രാമം പദ്ധതി**

ഡോ. കെ.ടി. ജലീൽ: മലപ്പുറം ജില്ലയിലെ പുറത്തൂറിനെ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശാനുസരണം മാതൃകാ മത്സ്യഗ്രാമം

പദ്ധതിയിൽ 11 ഗ്രാമങ്ങളെ ഉൾപ്പെടുത്തിയതിൽ പുറത്തൂർ പഞ്ചായത്ത് ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ സംസ്ഥാന ഗവൺമെന്റിന്റെ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിൽ പ്രസ്തുത പഞ്ചായത്തിനെ ഉൾപ്പെടുത്തുന്ന കാര്യം ഗൗരവമായി പരിശോധിക്കുന്നതാണ്.

**(6) മത്സ്യത്തൊഴിലാളി ക്ഷേമനിധി**

ശ്രീ. റ്റി.എൻ. പ്രതാപൻ: കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പിലാക്കുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനും സെസ്സ് പിരിച്ചെടുക്കാനും ക്ഷേമനിധിയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനാവശ്യമായ പഠനം നടത്താനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ വ്യാപാരികൾ അടയ്ക്കാനുള്ള ക്ഷേമനിധി വിഹിതം കുടിശ്ശിക സഹിതം ഈടാക്കാൻ നോട്ടീസ് നൽകിയിട്ടുള്ളതുകൂടാതെ റവന്യൂ റിക്കവറി നടപടികളും സ്വീകരിച്ചുകഴിഞ്ഞു. ബോട്ടുടമകളുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ സാമ്പത്തിക വർഷംതന്നെ അംശദായം അടയ്ക്കാമെന്ന് അവർ സമ്മതിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി അപകട മരണ ഇൻഷ്വറൻസ് തുക 3 ലക്ഷം രൂപയായും ക്ഷേമ പെൻഷൻ 400 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡിലേക്കുള്ള തുകകൾ പിരിച്ചെടുക്കുന്ന മുറയ്ക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**(7) മണ്ണുത്തി-അമല നഗർ റോഡ്**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: പൊതുമരാമത്ത് വകുപ്പ്, എൻ.എച്ച്. വിഭാഗം, കേരള റോഡ് ഫണ്ട് ബോർഡ് എന്നിവയുടെ സംയുക്ത യോഗം

വിളിച്ചുകൂട്ടി മണ്ണുത്തി-അമലനഗർ റോഡിന്റെ പ്രവൃത്തി കേരള റോഡ് ഫണ്ട് ബോർഡിനെ ഏൽപ്പിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): മണ്ണുത്തി-അമലനഗർ ബൈപ്പാസ് റോഡ് നിർമ്മാണത്തിന്റെ സ്ഥലമെടുപ്പിനായി 7 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തൃശൂരിൽ കേരള റോഡ് ഫണ്ട് ബോർഡ് നടപ്പിലാക്കിവരുന്ന നഗര വികസന പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും സമഗ്രമായ ഗതാഗത പഠനം നടത്തുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ബൈപ്പാസ് റോഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പ്, എൻ.എച്ച്. വിഭാഗം, കേരള റോഡ് ഫണ്ട് ബോർഡ് എന്നിവയുടെ സംയുക്ത യോഗം ഉടൻ വിളിച്ചുകൂട്ടുന്നതാണ്.

**(8) വികസന ബ്ലോക്കുകളുടെ അതിർത്തി പുനഃക്രമീകരിക്കൽ**

ഡോ. എൻ. ജയരാജ്: വികസന ബ്ലോക്കുകളുടെ അതിർത്തി നിയോജകമണ്ഡലാടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): പഞ്ചായത്ത് രാജ് നിയമ പ്രകാരം നിലവിലുള്ള ഭരണസമിതിയുടെ കാലാവധി കഴിയുന്ന മുറയ്ക്ക് മാത്രമേ ഒരു പ്രദേശത്തിന്റെ അതിർത്തി പുനർനിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ. നിലവിലുള്ള പഞ്ചായത്ത് ഭരണസമിതിയുടെ കാലാവധി 2015-ൽ അവസാനിക്കുന്നതിനുമുൻപായി ഓരോ അസംബ്ലി നിയോജകമണ്ഡലത്തിലും

വികസന ബ്ലോക്കുകളുടെ എണ്ണം രണ്ടായെങ്കിലും പരിമിതപ്പെടുത്താൻ പ്രത്യേക സമിതിയെ നിയോഗിക്കുന്നതാണ്.

### (9) നഴ്സിംഗ് കോഴ്സ്

ശ്രീ. കെ. സുരേഷ് കുറുപ്പ്: സീമെറ്റ്-ന്റെ ആഭിമുഖ്യത്തിലുള്ള നഴ്സിംഗ് കോഴ്സിലെ വിദ്യാർത്ഥികൾ ഇടയ്ക്കുവച്ച് പഠനം നിർത്തിയാൽ സർട്ടിഫിക്കറ്റ് തിരികെ ലഭിക്കുന്നതിനുവേണ്ടി ലിക്വിഡേറ്റഡ് ഡാമേജസായി ആദ്യവർഷത്തെ ഫീസിന്റെ നാലിരട്ടി തുക കൊടുക്കണമെന്ന വ്യവസ്ഥയുള്ള തിനാൽ സർട്ടിഫിക്കറ്റ് തിരികെ ലഭിക്കാത്ത നഴ്സിംഗ് വിദ്യാർത്ഥിക്ക് സർട്ടി ഫിക്കറ്റ് ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സിമെറ്റ്-ന്റെ കീഴിലുള്ള നഴ്സിംഗ് കോളേജുകൾ സർക്കാർ-സ്വാശ്രയ നഴ്സിംഗ് കോളേജുകളാണ്. 2011–2012-ൽ സർക്കാർ ക്വാട്ടയിലും മാനേജ്മെന്റ് ക്വാട്ടയിലും പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥി കൾക്കുള്ള ഫീസ് യഥാക്രമം 40,000 രൂപയും 78,000 രൂപയുമായിരുന്നത് ഈ വർഷം 65000 രൂപയായി ഏകീകരിച്ചിട്ടുണ്ട്. സിമെറ്റ്-ന്റെ നഴ്സിംഗ് കോളേജിൽ ചേരുന്ന വിദ്യാർത്ഥികൾ ഇടയ്ക്ക് പഠനം നിർത്തിയാൽ ആ കോഴ്സിന്റെ മുഴുവൻ കാലഘട്ടത്തിലേയും ഫീസ് അടച്ചാൽ മാത്രമേ സർട്ടിഫിക്കറ്റ് റിലീസ് ചെയ്യാൻ കഴിയുകയുള്ളൂ. ഇൻഡ്യൻ നഴ്സിംഗ് കൗൺസിലിന്റെ നിബന്ധനയനുസരിച്ച് ബി.എസ്.സി. നഴ്സിംഗ് കോഴ്സിന് സെപ്റ്റംബർ 30 വരെ മാത്രമേ പ്രവേശനം നൽകാവൂ എന്നിരിക്കെ ഒരു വിദ്യാർത്ഥി ഈ തീയതിക്കുശേഷം പഠനം നിർത്തിപ്പോയാൽ മറ്റൊരാൾക്ക് പ്രവേശനം നൽകാൻ സാധ്യമല്ലാത്തതിനാലാണ് പ്രോസ്പെക്ടസിൽ ഈ

വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഇവിടെ ഉന്നയിച്ച പ്രശ്നത്തിൽ എന്തുചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ച് മുഖ്യമന്ത്രിയുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

**(10) മഞ്ഞപ്പിത്തം**

ശ്രീ. സണ്ണി ജോസഫ്: അടക്കാത്തോട് പ്രദേശത്ത് മഞ്ഞപ്പിത്തം പടർന്ന് പിടിക്കുന്നത് തടയുന്നതിന് പേരാവൂർ ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരെ നിയമിക്കാനും ഇരിട്ടി താലൂക്ക് ആശുപത്രിയിലുൾപ്പെടെ കാഷ്വാലിറ്റി സംവിധാനം പ്രവർത്തനക്ഷമമാക്കാനും മഞ്ഞപ്പിത്തംമൂലം മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായവും സൗജന്യ റേഷനും കുടിവെള്ളവും നൽകാനും അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): കേളകം ഗ്രാമപഞ്ചായത്തിൽ അടക്കാത്തോട് മേഖലയിൽ മഞ്ഞപ്പിത്ത രോഗബാധ റിപ്പോർട്ട് ചെയ്യപ്പെട്ടതിനെത്തുടർന്ന് ജില്ലാതല റാപ്പിഡ് റെസ്പോൺസ് ടീം സ്ഥലം സന്ദർശിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അവിടെ നടന്ന മെഡിക്കൽ ക്യാമ്പിൽ 60 പേർക്ക് ഹെപ്പറ്റൈറ്റിസ് എ മൂലമുണ്ടാകുന്ന മഞ്ഞപ്പിത്തവും 5 പേർക്ക് എലിപ്പനിയും സ്ഥിരീകരിച്ച് ആവശ്യമായ ചികിത്സ നൽകിവരികയാണ്. രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമാവശ്യമായ എല്ലാ സജ്ജീകരണങ്ങളും കേളകം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലും പേരാവൂർ താലൂക്ക് ആശുപത്രിയിലും ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള 5 ഡോക്ടർമാർക്കുപുറമെ മൂന്നുപേരെ വർക്കിംഗ് അറേഞ്ച്മെന്റിലും രണ്ട് ലാബ് ടെക്നീഷ്യൻമാരെ അധികമായും നിയോഗിച്ചിട്ടുണ്ട്. മഞ്ഞപ്പിത്തം

പടർന്നുപിടിക്കുന്നതിന് കാരണമായ അടയ്ക്കാത്തോടിലെ ഒരു ബേക്കറിയും ഹോട്ടലും അടച്ചുപൂട്ടി സീൽ ചെയ്യുകയും ഇവർ ഉപയോഗിച്ചിരുന്ന രണ്ട് കിണറുകൾ മൂടുകയും ചെയ്തിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി 20 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ താൽക്കാലികമായി നിയമിച്ചതിനുപുറമേ സ്ക്കൂൾ തലത്തിൽ ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും മഞ്ഞപ്പിത്തത്തിനെതിരെ നോട്ടീസ് വിതരണം നടത്തുകയും മാലിന്യ സംസ്ക്കരണം കാര്യക്ഷമമാക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. ആരോഗ്യ പ്രവർത്തകരേയും ആശാ വർക്കർമാരേയും പങ്കെടുപ്പിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

**(11) <u>ഗുരുവായൂർ ക്ഷേത്ര ജീവനക്കാരെ പിരിച്ചുവിട്ട നടപടി</u>**

<u>ശ്രീ. കെ.വി. അബ്ദുൾ ഖാദർ</u>: കഴിഞ്ഞ 20 വർഷമായി ഗുരുവായൂർ ക്ഷേത്ര സുരക്ഷ ഫലപ്രദമായി നിർവ്വഹിക്കുന്ന 151 സുരക്ഷാ ജീവനക്കാരെ പിരിച്ചുവിട്ട നടപടി പുനഃപരിശോധിക്കുന്നതിനും അവരെ ചർച്ചയ്ക്ക് വിളിക്കുന്നതിനും തയ്യാറാകണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>): ഗുരുവായൂർ ക്ഷേത്രത്തിന്റേയും അനുബന്ധ സ്ഥാപനങ്ങളുടേയും സുരക്ഷാ ജോലിക്കായി സർവ്വീസിൽ നിന്ന് വിരമിച്ച വിമുക്തഭടന്മാരെയാണ് ഗാർഡുകളായി കേരള എക്സ്-സർവ്വീസ് ചാരിറ്റബിൾ ട്രസ്റ്റ് മുഖേന ഓരോ വർഷത്തേയ്ക്കും കരാർ വ്യവസ്ഥയിൽ നിയമിച്ചിരുന്നത്. ദേവസ്വത്തിന് ഈ സംഘടനയുമായുള്ള കരാർ കാലാവധി അവസാനിച്ച സാഹചര്യത്തിൽ ക്ഷേത്ര സുരക്ഷയുടെ പ്രാധാന്യം മുൻനിറുത്തി സുരക്ഷാ

സംവിധാനം ദേവസ്വത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനായി വിജ്ഞാപനം പ്രസിദ്ധീകരിച്ച് അഭിമുഖം നടത്തി 148 വിമുക്ത ഭടന്മാരെ ദേവസ്വം സുരക്ഷാ പ്രവൃത്തിക്കായി നിയോഗിക്കുകയാണ് ചെയ്തിട്ടുള്ളത്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## നിയമനിർമ്മാണകാര്യം

### 2012-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2012-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2012-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ.കെ. ജയചന്ദ്രൻ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ഈ ബില്ലിൽ നിർദ്ദേശിക്കുന്ന തുക വിനിയോഗിക്കുന്നതുകൊണ്ട് വിലക്കയറ്റവും തൊഴിലില്ലായ്മയും വർദ്ധിപ്പിക്കാൻ മാത്രമേ കഴിയുകയുള്ളൂ. കേന്ദ്ര

ഗവൺമെന്റ് വിൽപ്പന നികുതി കുറവ് ചെയ്തതിനാലും സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നഷ്ടം നികത്തുന്നതിന് വാറ്റ്-ലെ പൊതുനിരക്ക് വർദ്ധിപ്പിക്കുന്നതിന്റെ ഫലമായും ചരക്കുകൂലി, ഹാന്റ്ലിംഗ് ചാർജ്, പെട്രോൾ-പാചക വാതകം, വളം-കീടനാശിനി എന്നിവയുടെ വില വർദ്ധിക്കുന്നത് കേരള ജനതയുടെ ജീവിതം ദുസ്സഹമാക്കും. ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ കേരളത്തിന് ലഭിക്കുന്ന നഷ്ടപരിഹാരത്തിൽ കുറവുവരുമെന്ന വാദം അടിസ്ഥാനരഹിതമാണ്. ഈ ബഡ്ജറ്റിന്റെ ഭാഗമായി ദീർഘകാലാടിസ്ഥാനത്തിലുള്ള വികസന പദ്ധതികളോ തൊഴിലവസരങ്ങളോ സൃഷ്ടിക്കപ്പെടുമെന്നുറപ്പില്ല. 2011-12 വർഷത്തിൽ സർക്കാർ ചെലവിൽ 31 ശതമാനത്തിന്റെ വളർച്ചയാണുണ്ടായതെങ്കിൽ 2012-13 വർഷത്തിൽ 15.6 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നത്. സർക്കാരിന്റെ ഈ നിലപാട് കേരളത്തിന്റെ വികസനത്തെ മുരടിപ്പിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ആഗോളമാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ ഗവൺമെന്റ് നിയമമനുസരിച്ച് എടുക്കാവുന്ന സംഖ്യകൂടി എടുത്ത് വിനിയോഗിച്ച് കേരളത്തിന്റെ വളർച്ചാ നിരക്ക് നിലനിർത്തണം. കേരളത്തിലെ ഹൈവേകളും ജില്ലാ ഗ്രാമീണ റോഡുകളും ടോൾ സംവിധാനത്തിലൂടെ നിർമ്മിക്കാൻ തീരുമാനിക്കുന്നത് പ്രതിഷേധാർഹമാണ്. കാർഷിക ഉൽപ്പന്നങ്ങൾക്ക് താങ്ങുവില നിശ്ചയിക്കുന്നതിനെക്കുറിച്ചും വിള ഇൻഷ്വറൻസിനെക്കുറിച്ചും ഈ ബഡ്ജറ്റിൽ സൂചിപ്പിച്ചിട്ടില്ല. ഭൂ മാഫിയകളെ സഹായിക്കാനായി നെൽവയൽ-നീർത്തട നിയമം അട്ടിമറിക്കുന്ന സമീപനമാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. കൂട്ടുത്തരവാദിത്വമില്ലാത്ത ഒരു ഗവൺമെന്റാണ് സംസ്ഥാനം ഭരിക്കുന്നത്. ക്രമസമാധാന നില തകരുകയും കൊലപാതകങ്ങളും ആക്രമണങ്ങളും വർദ്ധിച്ചിരിക്കുക

യുമാണ്. രാഷ്ട്രീയ പ്രതിയോഗികളെ കള്ളക്കേസുകളിൽ കുടുക്കി അപമാനിക്കുന്ന പ്രവണത അവസാനിപ്പിക്കണം.

ശ്രീ.ടി.എൻ. പ്രതാപൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. വിഭവ സമാഹരണത്തിലൂടെയും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താനുള്ള ഗവൺമെന്റിന്റെ ശ്രമങ്ങളെ അഭിനന്ദിക്കുന്നു. ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ഗുണമേന്മയുള്ള റോഡുകൾ നിർമ്മിക്കാൻ നടത്തിയ ശ്രമങ്ങൾ അഭിനന്ദനാർഹമാണ്. ഭരണ പ്രതിപക്ഷ ഭേദമെന്യേ 141 നിയോജക മണ്ഡലങ്ങളിലും അടിസ്ഥാന സൗകര്യവികനത്തിനുവേണ്ടി 5 കോടി രൂപ വീതം നൽകുന്നതിനുള്ള സ്കീം സ്വാഗതാർഹമാണ്. ജലസേചന വകുപ്പിന് കൂടുതൽ പണം നൽകിക്കൊണ്ട് പഴക്കംചെന്ന പൈപ്പുകളും മോട്ടോറുകളും മാറ്റിസ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. പരിസ്ഥിതി നിലനിർത്തിക്കൊണ്ടും പരിപോഷിച്ചുകൊണ്ടുമുള്ള വികസനത്തിന് പ്രാമുഖ്യം നൽകണം. അക്രമങ്ങൾ തടയാനും സാമുദായികവൽക്കരണം ഉപേക്ഷിക്കാനും സൗഹൃദാന്തരീക്ഷം വളർത്തിയെടുക്കാനും നടപടി സ്വീകരിക്കണം. ഭാവി തലമുറയ്ക്കായി ഒരു പുതിയ വികസന സംസ്കാരത്തിന് തുടക്കം കുറിക്കണം. ആരോഗ്യ മേഖലയെ ശക്തിപ്പെടുത്തണം. ആരോഗ്യ മേഖലയുടെ കീഴിൽ വരുന്ന സ്ഥാപനങ്ങളെ പണമില്ലാത്തതിന്റെ പേരിൽ എൻ.ജി.ഒ. -കൾക്ക് പാട്ടത്തിന് നൽകുന്ന നടപടി ശരിയല്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി കൂടുതൽ തുക വകയിരുത്തുകയും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പ് വരുത്തുകയും ചെയ്യണം.

സ്വകാര്യ/സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുകയും അല്ലാത്തവ അടച്ചുപൂട്ടുകയും വേണം. സംസ്ഥാനത്തെ നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കണം.

ശ്രീമതി ഗീതാ ഗോപി: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. കൊച്ചി മെട്രോയുടെ കാര്യത്തിൽ വ്യക്തത കൈവരുത്താൻ സർക്കാരിന് ഇതുവരെയും സാധിച്ചിട്ടില്ല. നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെ വിതരണം ചെയ്യാനോ മാർക്കറ്റിലിടപെട്ട് കമ്പോളവില നിയന്ത്രിക്കാനോ കഴിഞ്ഞിട്ടില്ല. സംസ്ഥാനത്ത് ലാഭത്തിൽ പ്രവർത്തിച്ചിരുന്ന പല പൊതുമേഖലാ സ്ഥാപനങ്ങളും ഇപ്പോൾ നഷ്ടത്തിലായിരിക്കുകയാണ്. കർഷക ആത്മഹത്യ വർദ്ധിച്ചിരിക്കുകയാണ്. നാട്ടിക നിയോജകമണ്ഡലത്തിലെ നെൽ സംഭരണത്തിൽ സിവിൽ സപ്ലൈസ് വകുപ്പ് കാണിക്കുന്ന അലംഭാവം അവസാനിപ്പിക്കുകയും സംഭരണ വില കൃത്യമായി നൽകുകയുംവേണം. ഭൂമാഫിയയ്ക്കെതിരെ ശ്കതമായ നടപടി സ്വീകരിക്കണം. വിദ്യാഭ്യാസ രംഗത്തെ വർഗ്ഗീയവൽക്കരിക്കാനും അഴിമതിവൽക്കരിക്കാനും നടത്തുന്ന ശ്രമങ്ങൾ അവസാനിപ്പിക്കണം. മലപ്പുറത്ത് അൺ എയ്ഡഡ് സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകാനുള്ള തീരുമാനം പിൻവലിക്കണം. ഖനി, മണൽ മാഫിയകളെ നിയന്ത്രിക്കുകയും മലനിരകൾ ഇടിച്ചുനിരത്തുന്നത് തടയുകയും ചെയ്യണം. ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി വകയിരുത്തുന്ന എസ്.സി.പി., ടി.എസ്.പി. ഫണ്ടുകൾ ആ വിഭാഗങ്ങൾക്കുമാത്രമായി വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണം. സംസ്ഥാന സർക്കാർ ജീവനക്കാരുടെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി നിറുത്തലാക്കി പങ്കാ

ളിത്ത പെൻഷൻ നടപ്പിലാക്കാനുള്ള നിർദ്ദേശം പുനഃപരിശോധിക്കണം. പാവപ്പെട്ടവർക്ക് സഹായകരമായ നിലയിൽ കാരുണ്യ ലോട്ടറിയുടെ നിരക്ക് കുറയ്ക്കാൻ തയ്യാറാകണം. ഓരോ മണ്ഡലത്തിലും ആസ്തി വികസന ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന വർക്കുകൾ 5 കോടി രൂപയുടെ 10 വർക്കുകൾ എന്നാക്കുന്നതിന് ഉത്തരവിറക്കണം. നാട്ടിക നിയോജകമണ്ഡലത്തിലെ സി.എച്ച്.സി., പി.എച്ച്.സി.-കൾക്ക് ഗ്രേഡ് നൽകുകയും തീരദേശ മേഖലകളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യത്തിന് മരുന്നും ജീവനക്കാരെയും അനുവദിക്കുകയും അവിടത്തെ പ്രവർത്തനത്തെ സംബന്ധിച്ച് റാണ്ടം ചെക്കിംഗ് നടത്തുകയും വേണം.

<u>ശ്രീ. സി. മമ്മൂട്ടി</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ അടിസ്ഥാന വർഗ്ഗത്തിനും നിരാലംബരും നിരാശ്രയരുമായ ദുർബലവ ജനവിഭാഗങ്ങൾക്കും സാന്ത്വനവും സാമാധാനവും സുരക്ഷിത ബോധവും പ്രദാനം ചെയ്യുന്ന ഒട്ടേറെ പദ്ധതികൾ സർക്കാർ ഈ ബഡ്ജറ്റിൽ ആവിഷ്കരിച്ചിട്ടുണ്ട്. വികസന രംഗത്ത് വിപ്ലവകരമായ മാറ്റമുണ്ടാക്കുന്നതിനും എമർജിംഗ് കേരള പദ്ധതിവഴി നിക്ഷേപകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനും നടപടികൾ സ്വീകരിച്ചത് സ്വാഗതാർഹമാണ്. സംസ്ഥാനത്ത് മൂലധന നിക്ഷേപം 4560.16 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. പ്ലാൻ എക്സ്പെൻഡിച്ചർ, റവന്യൂ നികുതി പിരിവ് എന്നിവ ഗണ്യമായി വർദ്ധിപ്പിക്കാനും നോൺ ഡെവലപ്മെന്റ് എക്സ്പെൻഡീച്ചർ കുറച്ചുകൊണ്ടുവരാനും സാധിച്ചിട്ടുണ്ട്. ശക്തമായ ധനകാര്യ മാനേജുമെന്റുവഴി കരുതലും വികസനവും എന്ന നയം പ്രാവർത്തികമാക്കാനും അടിസ്ഥാന മേഖലയുടെ വികസനം ഉറപ്പ് വരുത്താനും സാധിച്ചിട്ടു

ണ്ട്. വിസ്തീർണ്ണം കുറഞ്ഞ ഭൂമിയിൽ കൂടുതൽ ഉത്പാദനം നടത്താനും ഹൈടെക് ഫാമിംഗ് നടത്താനും കാർഷിക മേഖലയിൽ 75 ശതമാനം സബ്സിഡി നൽകാനുമുള്ള തീരുമാനം ശ്രദ്ധേയമാണ്. ജൈവക്കൃഷി പ്രോത്സാഹിപ്പിക്കാനും സംസ്ഥാനത്തിനാവശ്യമായ പച്ചക്കറി ആഭ്യന്തരമായി ഉത്പാദിപ്പിക്കാനും കഴിയണം. കർഷകരെ ഇ.എഫ്.എൽ.-ന്റെ പേരിൽ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കണം. വിദേശ മലയാളികളുടെ നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കാൻ പദ്ധതികൾ ആവിഷ്ക്കരിക്കണം. വിമാനക്കമ്പനികളുടെ ചൂഷണത്തിൽനിന്നും വിദേശമലയാളികളെ രക്ഷിക്കാൻ അവരുടെ ഇൻവെസ്റ്റ്മെന്റും കേരള സർക്കാരിന്റെ വിഹിതവും ചേർത്ത് ഒരു എയർലൈൻ സ്ഥാപിക്കണം. പിന്നോക്ക ജാതിക്കാരായ പാവപ്പെട്ടവരുടെ വീടുകളിൽ കുടിവെള്ളം എത്തിക്കണം. ആരോഗ്യ മേഖലയിൽ അവശ്യ മരുന്നുകളുടെ വിതരണം സൗജന്യമാക്കാൻ നടപടി സ്വീകരിക്കണം. മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കാൻ ഏർപ്പെടുത്തിയ സർചാർജ്ജ് പത്ത് ശതമാനമായി വർദ്ധിപ്പിക്കുകയും അതിലൂടെ ലഭിക്കുന്ന അധിക വരുമാനം കുടിവെള്ള വിതരണം വ്യാപിപ്പിക്കാനും ആരോഗ്യമേഖലയെ ശക്തിപ്പെടുത്താനുമായി വിനിയോഗിക്കുകയും ചെയ്യണം. അപ്ഗ്രേഡ് ചെയ്യപ്പെട്ട ഹെൽത്ത് സെന്ററുകളിലും താലൂക്ക്-ജില്ലാ ആശുപത്രികളിലും നിലവിലുള്ള മാനദണ്ഡമനുസരിച്ചുള്ള ജീവനക്കാരെ നിയമിക്കണം. ടൂറിസം മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കാനും ഇടുക്കി, വയനാട് ജില്ലകളിൽ പ്രത്യേക ടൂറിസം പദ്ധതികൾ ആവിഷ്ക്കരിക്കാനും നടപടി സ്വീകരിക്കണം. വിദ്യാഭ്യാസ മേഖലയിൽ ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി

വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തണം

ശ്രീ. സി.കെ. നാണു: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. നികുതി കുടിശ്ശിക പിരിച്ചെടുക്കണം. നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് കൊടുക്കാനുള്ള കുടിശ്ശിക വിതരണം ചെയ്യണം. കൂടുതൽ കനാലുകൾ നിർമ്മിച്ച് കൃഷി മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണം. നാണ്യവിളകളുടെ വിലയിടിവുമൂലം പ്രതിസന്ധിയിലായ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം. മലബാർ മേഖലയിൽ കൂടുതൽ സ്കൂളുകളിൽ പ്ലസ്ടു അനുവദിക്കാനും സീറ്റുകൾ വർദ്ധിപ്പിക്കാനും ആദിവാസികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും നടപടി സ്വീകരിക്കണം.

ചീഫ് വിപ്പ് (ശ്രീ. പി.സി. ജോർജ്): ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. റവന്യൂ കമ്മി കുറയ്ക്കാനും വികസന ചെലവുകൾക്ക് ആവശ്യമായ പണം നൽകാനും കഴിയുന്ന ധനകാര്യ മാനേജ്മെന്റ് അഭിനന്ദനാർഹമാണ്. ഹൈടെക് കൃഷിരീതി, ബയോ പാർക്ക്, ഗ്രീൻ ഹൗസ് മുതലായ സംവിധാനങ്ങൾ നടപ്പിലാക്കാനും വൻകിട പദ്ധതികൾ ആവിഷ്ക്കരിക്കാനും നടപടി സ്വീകരിച്ചത് സ്വാഗതാർഹമാണ്. ഓരോ നിയോജക മണ്ഡല വികസനത്തിനും 5 കോടി രൂപയുടെ പത്ത് വർക്കുകൾ നൽകുന്ന കാര്യം പരിഗണിക്കണം. ഇക്കോളജിക്കലി ഫ്രൈജൽ ലാന്റ് വിഭാഗത്തിൽപ്പെടുത്തി പാവപ്പെട്ടവരുടെ കൃഷിഭൂമി പിടിച്ചെടുക്കുന്നത് ശരിയല്ല; അവർക്ക് നഷ്ടപരിഹാരം കൊടുക്കണമെന്ന് പറയുമ്പോൾ അത് ഭൂമാഫിയയ്ക്ക് അനുകൂലമാണെന്ന് വ്യാഖ്യാനിക്കുന്നത് ശരിയല്ല. ഇ.എഫ്.എൽ. നിയമത്തിലെ അപാകതകൾ പരിഹരിക്കാൻ അടിയന്തര നടപടി

സ്വീകരിക്കണം. രണ്ടോ നാലോ ഏക്കർ ഭൂമിയുള്ള കർഷകരുടെ ഭൂമി വനഭൂമിയാണെന്ന പേരിൽ പിടിച്ചെടുക്കുന്ന നടപടിയിൽനിന്ന് പിന്മാറണം.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. നിക്ഷിപ്ത വനഭൂമിയിൽ കാലങ്ങളായി നടന്നുകൊണ്ടിരിക്കുന്ന കയ്യേറ്റം സംബന്ധിച്ച് സർക്കാരിന്റെ നയം വ്യക്തമാക്കണം. നികുതി നിരക്ക് വർദ്ധിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള ശ്രമം അപലപനീയമാണ്. ജീവനക്കാർക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ ഏർപ്പെടുത്തുന്നതുസംബന്ധിച്ച സർക്കാർ സമീപനം വ്യക്തമാക്കണം. തദ്ദേശസ്വയംഭരണ മേഖലയിലെ സാങ്കേതിക സമിതികൾ പിരിച്ചുവിടുന്നതുവഴി പദ്ധതിയുടെ ആസൂത്രണം ഇല്ലാതാകാൻ പോകുന്ന സ്ഥിതിക്ക് പരിഹാരം കാണണം. പഞ്ചായത്ത് അടിസ്ഥാനത്തിൽ എല്ലാ വർഷവും എക്കണോമിക് റിവ്യൂ പ്രസിദ്ധീകരിക്കണം. കുടുംബശ്രീയെ തകർക്കാനുള്ള നീക്കത്തിൽനിന്ന് പിന്മാറണം. ജനശ്രീയെ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കണം. കൃഷിയെ വ്യാവസായികവൽക്കരിക്കാനുള്ള നീക്കം ഉപേക്ഷിക്കണം. പൊതുവിതരണ സംവിധാനത്തെ ശക്തിപ്പെടുത്തണം. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. പൊതുവിദ്യാഭ്യാസത്തെയും സർവ്വകലാശാലകളുടെ കാഴ്ചപ്പാടിനെയും പൂർണ്ണമായി തകർക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. നെല്ലിയാമ്പതിയിലെ ചെറുനെല്ലി എസ്റ്റേറ്റിന്റെ കാര്യത്തിൽ യു.ഡി.എഫ്.-ൽ നിലനിൽക്കുന്ന അഭിപ്രായ ഭിന്നത ആക്ഷേപകരമാണ്. 2005-നുമുമ്പ് നികത്തിയ തണ്ണീർത്തടങ്ങൾക്ക് നിയമപരിരക്ഷ നൽകുമെന്നുള്ള പ്രഖ്യാപനം ഭൂമാഫിയകളെ സഹായിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ്. മൊബൈൽ ഫോൺ കോളുകളുടെ

ചോർത്തൽ സംബന്ധിച്ച് നടത്തുന്ന അന്വേഷണത്തിൽ ഗവൺമെന്റ് സ്വീകരിക്കുന്ന നയം ശരിയല്ല.

ശ്രീ. ജോസഫ് വാഴക്കൻ : ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. എം.എൽ.എ. ഫണ്ടിന് പുറമെ നിയോജകമണ്ഡലാടിസ്ഥാനത്തിൽ അനുവദിക്കുന്ന ഫണ്ട് പത്ത് വർക്കുകൾക്ക് ചെലഴിക്കുന്നതിനായി അനുമതി നൽകുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കണം. സംസ്ഥാനത്തെ റോഡുകളുടെ സ്ഥിതി മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ആറന്മുള വിമാനത്താവളവുമായി ബന്ധപ്പെട്ട കഴിഞ്ഞ സർക്കാരിന്റെ സ്വജനപക്ഷപാതപരമായ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. സംസ്ഥാനം ഭരിച്ച എൽ.ഡി.എഫ്. സർക്കാരുകൾ നടത്തിയ ന്യൂനപക്ഷ-ജാതി-മത പ്രീണനങ്ങൾ വിമർശനാത്മകമാണ്.

ശ്രീ. ജി. സുധാകരൻ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. കഴിഞ്ഞ വർഷം നീക്കിവച്ച 10,000 കോടി രൂപയുടെ പ്ലാൻ ഫണ്ടിൽ 3000 കോടി രൂപ ലാപ്സാക്കിയ സർക്കാർ ഈ വർഷം 70,000 കോടി രൂപ ചെലവഴിക്കുമെന്നതിനെ സംബന്ധിച്ച് യാതൊരുറപ്പുമില്ല. പൊള്ളയായ വാഗ്ദാനങ്ങൾ നൽകി തുകകൾ ലാപ്സാക്കുകയാണ് സർക്കാർ ചെയ്യുന്നത്. പൊതുവിദ്യാഭ്യാസം, മൃഗസംരക്ഷണം, ആരോഗ്യം തുടങ്ങിയവയുൾപ്പെടെയുള്ള മേജർ ഹെഡ്ഡുകളിൽ തുകകൾ ലാപ്സാക്കിയത് ശരിയായ വിധത്തിലുള്ള പ്ലാനിംഗ് നടക്കുന്നില്ലെന്നുള്ളതിന്റെ സൂചനയാണ്. പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും നൽകിയ പണം തിരിച്ചെടുക്കുന്നത് വിമർശനാത്മകമാണ്. സാമൂഹ്യക്ഷേമത്തിന് നീക്കിവച്ച 60 കോടി രൂപ ലാപ്സാക്കി. കൃഷിയിൽ 100 കോടി ലാപ്സാ

ക്കുമ്പോൾ ആലപ്പുഴ ജില്ലയിൽ മാത്രം 120 കോടി രൂപ കർഷകർക്ക് നൽകാനുണ്ടായിരുന്നു. ആസൂത്രണബോർഡിന്റെ തെറ്റായ നടപടികൾക്ക് തടയിടണം. സംസ്ഥാനത്തിന്റെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. 12-ാം പദ്ധതിയുടെ പ്ലാൻ ഫണ്ടിനാനുപാതികമായ തുക വർഷംതോറും ചെലവഴിക്കണം. ധനവിനിയോഗം വർദ്ധിക്കുമ്പോൾ ചെലവിനങ്ങളെ സംബന്ധിച്ച് വ്യക്തമാക്കണം. അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ യഥാസമയം നൽകാത്തതിനാൽ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ കാലതാമസമുണ്ടാകുന്നത് ഭരണ പരാജയത്തെയാണ് സൂചിപ്പിക്കുന്നത്. വികസനപ്രവർത്തനങ്ങൾക്കുവേണ്ടി കൂടുതൽ പണം കണ്ടെത്താൻ നടപടി സ്വീകരിക്കണം. കാരുണ്യ വർഷം പദ്ധതിക്ക് ലഭിച്ച 60 കോടി രൂപ നഷ്ടപ്പെടുത്തിയ നടപടി വിമർശനാത്മകമാണ്. കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. സഹകരണ മേഖലയിൽ കൊണ്ടുവന്ന ഭേദഗതി സഹകരണ മേഖലയുടെ അസറ്റ് ഇല്ലാതെയാക്കി ഈ പ്രസ്ഥാനത്തെ തകർക്കുന്നതാണ്.

മി. ചെയർമാൻ: ചട്ടം 153(2) പ്രകാരം 1.30-ന് വോട്ടിനിടേണ്ട ധനവിനിയോഗ ബില്ലിന്റെ ചർച്ച പൂർത്തിയാകാത്തതിനാൽ പ്രസ്തുത ചട്ടം വേവ് ചെയ്യുകയാണ്.

ശ്രീ. എം. ഉമ്മർ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ചട്ടം വേവ് ചെയ്യുന്നതിന് സഭയ്ക്ക് അധികാരമുണ്ട്. ബില്ലിന്റെ ചർച്ചയ്ക്കുവേണ്ട സമയം തീരുമാനിക്കണം. സമയം നിശ്ചയിക്കുന്നില്ലെങ്കിൽ സമയം നീട്ടുന്നതുസംബന്ധിച്ച് പോൾ ആവശ്യപ്പെടുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സ്പീക്കറുടെ റൂളിംഗ് കഴിഞ്ഞ് അടുത്ത അംഗത്തെ പ്രസംഗിക്കാൻ ക്ഷണിച്ചതിനുശേഷം പോൾ ആവശ്യപ്പെടുന്നത് ശരിയല്ല.

മി. ചെയർമാൻ: ചട്ടം വേവ് ചെയ്ത് അടുത്ത അംഗം പ്രസംഗം തുടങ്ങിയശേഷം പ്രതിപക്ഷ ഉപനേതാവ് പോൾ ചോദിക്കുന്നത് ശരിയായ നടപടിയല്ല.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): ചെയർ റൂളിംഗ് നൽകി, അടുത്ത പ്രാസംഗികനെ വിളിച്ചുകഴിഞ്ഞു. അതനുസരിച്ച് മുന്നോട്ടുപോയാൽ മതി.

മി. ചെയർമാൻ: ചട്ടം വേവ് ചെയ്തുകഴിഞ്ഞു. ശ്രീ. എം. ഉമ്മറിന് പ്രസംഗം തുടരാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ധനവിനിയോഗ ബിൽ ചട്ടം 153 പ്രകാരം ഉച്ചയ്ക്ക് 1.30-ന് വോട്ടിനിടണം. ചട്ടം വേവ് ചെയ്യുന്ന സമയത്താണ് പോൾ ആവശ്യപ്പെട്ടത്. ആ സമയത്ത് ബഹുമാനപ്പെട്ട ചെയർ ഇനി ചർച്ചയ്ക്ക് എത്ര സമയം വേണമെന്ന് നിശ്ചയിക്കണമെന്ന് പറഞ്ഞത് സമ്മതിക്കാതെ വന്നപ്പോഴാണ് പോൾ ചോദിച്ചത്. അതിന് തയ്യാറാകാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്ക്കരിക്കുന്നു.

(പ്രതിപക്ഷം ഒന്നടങ്കം സഭ ബഹിഷ്ക്കരിച്ചു.)

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ധനവിനിയോഗ ബില്ലിന്റെ ചർച്ചാ ദിവസം പ്രതിപക്ഷം

നിഷേധാത്മകമായ നിലപാട് സ്വീകരിച്ച് ജനാധിപത്യത്തെ വികൃതമാക്കുക യാണ് ചെയ്തിരിക്കുന്നത്. അത് ജനങ്ങൾ മനസ്സിലാക്കും.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ധനവിനിയോഗ ബില്ലിന്റെ ചർച്ച നടക്കുന്ന ദിവസം ലിസ്റ്റിൽ പ്രതിപക്ഷ മുൻനിരയിലെ ആളുകളാരും സംസാ രിക്കാതിരുന്നതും നിർഭാഗ്യകരമാണ്. ഇതുവരെ ധനവിനിയോഗ ബിൽ ചർച്ച 1.30മണിക്ക് തീർന്നിട്ടില്ല, ചട്ടം വേവ് ചെയ്ത് സമയം നീട്ടിയിട്ടുണ്ട്. വോട്ട് ചോദിച്ച് ഗവൺമെന്റിനെ വെട്ടിലാക്കാൻ ശ്രമിച്ചാൽ നടക്കില്ല. വോട്ടിംഗ് നട ത്തിയാൽ ഗവൺമെന്റിനെ പരാജയപ്പെടുത്താൻ സാധിക്കില്ലെന്ന് ബോദ്ധ്യമാ യപ്പോഴാണ് പ്രതിപക്ഷം ഇറങ്ങിപ്പോയത്.

മി. ചെയർമാൻ: ശ്രീ. എം. ഉമ്മറിന് പ്രസംഗം തുടരാവുന്നതാണ്.

ശ്രീ. എം. ഉമ്മർ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അന്യ സംസ്ഥാന ലോട്ടറി കളെ നിയന്ത്രിക്കാനും വരുമാനം 1200 കോടി രൂപയോളം വർദ്ധിപ്പിക്കു വാനും കഴിഞ്ഞു. കാരുണ്യ ലോട്ടറിയുടെ ഗുണഫലം ജനങ്ങൾക്ക് ലഭിച്ചു കൊണ്ടിരിക്കുകയാണ്. മൂലധനച്ചെലവ് വർദ്ധിപ്പിക്കാനും പുതിയ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുവാനും റവന്യൂ കമ്മി കുറയ്ക്കാനും കഴിഞ്ഞത് ചെറിയ കാര്യമല്ല. നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ കഴിഞ്ഞു. സ്റ്റേറ്റ് റവന്യൂവിന്റെ അസസ്മെന്റ്, കളക്ഷൻ എന്നിവയിലെ വീഴ്ച്ചകൾ പരിഹരിക്ക പ്പെടണം. നിയോജകമണ്ഡലങ്ങളിലെ ആസ്തി വികസന ഫണ്ട് 5 കോടി രൂപയായി വർദ്ധിപ്പിച്ചത് പ്രശംസനീയമാണ്. ഓരോ പ്രദേശത്തിന്റേയും പിന്നോക്കാവസ്ഥയും ആവശ്യങ്ങളും കണക്കിലെടുത്ത് വികസന പ്രവർത്ത നങ്ങൾക്ക് നേതൃത്വം നൽകുന്ന ഗവൺമെന്റാണിത്.

ശ്രീ. ബെന്നി ബെഹനാൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ധനവിനിയോഗ ബില്ലിന്റെ ചർച്ചയ്ക്കിടയിൽ സഭ ബഹിഷ്ക്കരിച്ച പ്രതിപക്ഷത്തിന്റെ നടപടി നിർഭാഗ്യകരമാണ്. കൊലപാതക രാഷ്ട്രീയത്തെ ന്യായീകരിക്കുന്ന പ്രതിപക്ഷത്തിന്റെ നിലപാട് ശരിയല്ല. സംസ്ഥാനത്തെ പാവപ്പെട്ട ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഒട്ടേറെ ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായാണ് യു.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഈ വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവുചെയ്യുന്നതിന് ഗവൺമെന്റിനെ ആതറൈസ് ചെയ്യുന്ന ഇന്ന് പ്രതിപക്ഷം സഭാനടപടികൾ ബഹിഷ്ക്കരിച്ചത് പരാജയ ബോധംകൊണ്ടാണ്. കഴിഞ്ഞ ഒരു വർഷത്തെ മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റിന്റെ ഫലമായി സംസ്ഥാനത്തെ സാമ്പത്തിക നില ഭദ്രമാക്കാനും ധനകാര്യ വകുപ്പിനെ വികസനോന്മുഖമാക്കുന്നതിനും കഴിഞ്ഞു. വർദ്ധിത പദ്ധതി അടങ്കലിന് ആവശ്യമായ തുക യഥാസമയം എത്തിച്ചുകൊടുക്കാനും പദ്ധതിനിർവ്വഹണം സുഗമമാക്കാനും സാധിച്ചുവെന്നത് നേട്ടം തന്നെയാണ്. 2011-12-ൽ പദ്ധതിച്ചെലവും ഡെവലപ്മെന്റൽ എക്സ്പെൻഡീച്ചറും വർദ്ധിപ്പിക്കാൻ കഴിഞ്ഞു. വിവിധ കാപ്പിറ്റൽ പ്രോജക്ടുകളിലായി 4560 കോടി രൂപയുടെ മൂലധനച്ചെലവ് വർദ്ധിപ്പിക്കാനും പി.ഡബ്ല്യു.ഡി.-യിൽ 2280 കോടി രൂപയുടെ പദ്ധതികൾക്ക് എ.എസ്. നൽകാനും സാധിച്ചു. മെഗാ പ്രോജക്ടുകൾക്ക് ആവശ്യാനുസരണം ഫണ്ട് നീക്കിവച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തങ്ങൾക്കുള്ള പണത്തിന്റെ പോരായ്മ പരിഹരിക്കുന്നതിന് 2600 കോടി രൂപ ലംപ്സം എമൗണ്ട് ആയി മാറ്റിവച്ചിട്ടുണ്ട്.

വേസ്റ്റ്ഫുൾ എക്സ്പെൻഡീച്ചർ ചുരുക്കാൻ നടപടി സ്വീകരിച്ചു. ഫിനാൻസ് കമ്മീഷൻ നിർദ്ദേശിച്ച പരിധിയിൽ റവന്യൂ ഡെഫിസിറ്റ് നിർത്താൻ ശ്രമിക്കുകയാണ്. സ്റ്റോക്ക് പർച്ചേസ് മാനുവൽ പുതുക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പി.ഡബ്ല്യു.ഡി. -യിൽ ബി.എം.ബി.സി. റോഡുകൾക്ക് അഞ്ചുവർഷത്തെ ഗ്യാരന്റി ഏർപ്പെടുത്തിയത് മറ്റ് റോഡുകൾക്കും ബാധകമാക്കേണ്ടതുണ്ട്. റോഡ് നിർമ്മാണത്തിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ക്വാളിറ്റി വർദ്ധിപ്പിക്കും. സബ്സിഡി, പെൻഷൻ തുടങ്ങിയവ ഇലക്ട്രോണിക് ബാങ്കിംഗ് വഴി അവരവരുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച 294 സ്കീമുകളിൽ 260 എണ്ണത്തിനും എ.എസ്. കൊടുക്കാൻ സാധിച്ചിട്ടുണ്ട്. ഡിപ്പാർട്ടുമെന്റൽ വർക്കിംഗ് ഗ്രൂപ്പിന് എ.എസ്. കൊടുക്കാനുള്ള അധികാരം 5 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. നബാർഡ് ഹഡ്കോ എന്നിവയിൽനിന്നുള്ള വായ്പ പുനരാരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. നിയോജക മണ്ഡലങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി അഞ്ചുകോടി രൂപ നൽകുന്ന സ്കീം പ്രകാരം പത്ത് വർക്കുകൾക്ക് അനുമതി നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്. ക്ഷേമപദ്ധതികൾക്കുള്ള തുക വർദ്ധിപ്പിക്കൻ കഴിഞ്ഞിട്ടുണ്ട്. ഡീസൽ, പെട്രോൾവില വർദ്ധിപ്പിച്ചതുമൂലം സംസ്ഥാന ഗവൺമെന്റിന് കിട്ടേണ്ടിയിരുന്ന അധികനികുതി വരുമാനം വേണ്ടെന്നുവച്ചിട്ടും നികുതി വരുമാനം 22 ശതമാനമായി ഉയർത്താൻ സാധിച്ചു. കാരുണ്യാ ലോട്ടറിയിലൂടെ കുറഞ്ഞനിരക്കിലുള്ള ടിക്കറ്റുകൂടി വിൽക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ടൂറിസം മേഖലയിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതാണ്. ജീവനക്കാർക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ നടപ്പിലാക്കുന്ന കാര്യം ക്യാബിനറ്റിന്റെ പരിശോ

ധനയിലാണ്. എല്ലാ വശങ്ങളും പരിശോധിച്ചും സർവ്വീസ് സംഘടനകളേയും യുവജനസംഘടനകളേയും വിശ്വാസത്തിലെടുത്തുകൊണ്ടും മാത്രമേ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതുസംബന്ധിച്ച് അവസാന തീരുമാനമെടുക്കുകയുള്ളൂ. കടബാദ്ധ്യത കുറച്ചുകൊണ്ടുവരികയും എടുക്കുന്ന കടം ഡെവലപ്മെന്റ് പർപ്പസിനുവേണ്ടി ചെലവഴിക്കുകയും ചെയ്യുമെന്ന നയമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

2012-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): 2012-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2012-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(സഭ വൈകുന്നേരം 2.28-ന് പിരിഞ്ഞു)

* * * * * * * * * * * * * * *